LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : അന്തിക്കാട്ടും ചേർപ്പിലും സഹകരണ സംഘങ്ങൾക്കല്ല കൊടുത്തിട്ടുള്ളത്. എ.ഐ.ടി.യു.സി., സി.ഐ.ടി.യു., ബി.എം.എസ്. തുടങ്ങിയ സംഘടനകളുടെ ജോയിന്റ് കമ്മിറ്റിയാണ് അവിടെ പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് അതല്ല. തൊഴിലാളികളുടെ രജിസ്റ്റേർഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രൂപീകരിച്ച് അവരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : പുതിയ മദ്യ നയത്തിൽ സ്വകാര്യ മേഖലയെ ഇല്ലാതാക്കി പൊതു മേഖലയെ ഏൽപ്പിക്കാനുള്ള തീരുമാനം നല്ല കോൺസപ്റ്റ് ആണ്. ഇതു വരുമ്പോൾ കള്ള് ഷോപ്പിലും ഫോറിൻ ലിക്കർ ഷോപ്പിലും വിതരണത്തിനുവേണ്ടി നിൽക്കുന്ന ക്ഷേമനിധിബോർഡിൽ അംഗമല്ലാത്തതായ ആയിരക്കണക്കിനുവരുന്ന തൊഴിലാളികൾക്കുകൂടി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. ശിവദാസമേനോൻ : ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളികൾക്കെല്ലാം തൊഴിൽ നൽകും. അല്ലാതെ ഗവൺമെന്റിന് ഐഡന്റിഫൈ ചെയ്യാൻ കഴിയില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : മദ്യം കഴിക്കുന്നവർക്ക് കലർപ്പില്ലാത്ത, വിഷാംശമില്ലാത്ത മദ്യം നൽകുകയെന്നതാണ് പുതിയ മദ്യ നയം എന്നാണ് മനസ്സിലാക്കുന്നത്. അതിന് കടക വിരുദ്ധമായി, വിഷമദ്യ ദുരന്തവുമായി ബന്ധപ്പെട്ട ജുഡീഷ്യൽ എൻക്വയറി കമ്മീഷനുമായി നിസ്സഹരിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം മാറ്റിയെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. ശിവദാസമേനോൻ : തെളിവ് നൽകുന്നതിന് ആരെയും അറസ്റ്റ് ചെയ്തു കമ്മീഷൻ മുമ്പാകെ ഹാജരാക്കാൻ കഴിയില്ല. അതായത് തെളിവ് കൊടുക്കാൻ ഒരാളെയും നിർബന്ധിക്കാൻ ഗവൺമെന്റിനോ കമ്മീഷനോ കഴിയുകയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

അടിസ്ഥാന സൗകര്യ വികസന ഫണ്ട്

5 (*63) ശ്രീ. എം. മുരളി :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. ബാബു :
ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമാഹരിച്ച ഫണ്ടിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ ഫണ്ടിൽ നിന്നും 2001 ജനുവരി 31-വരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നടപ്പിലാക്കാനായി എത്ര സ്കീമുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ; അവ ഏതെല്ലാമെന്നും അവയ്ക്കായി എന്ത് തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ യോഗങ്ങൾ ഇതുവരെ എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് ;

(ഇ) ഏതെല്ലാം വികസനപദ്ധതികൾക്ക് എത്ര തുക വീതം ഈ നിധിയിൽ നിന്ന് നൽകുവാൻ ബോർഡ് തീരുമാനിച്ചു ;

(എഫ്) ഒരു വികസനപ്രവർത്തനവും നടത്താത്ത പക്ഷം അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ജി) സ്കീമുകൾ അംഗീകരിക്കുന്നതിലും ഫണ്ട് ചെലവഴിക്കുന്നതിലും വലിയ കാലതാമസം വന്നതായുള്ള ആക്ഷേപം ശരിയാണോ ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ഈ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ വേണ്ടിയുള്ള സ്കീമുകൾ എപ്പോഴേയ്ക്ക് തയ്യാറാകും എന്നും എപ്പോൾ ഈ തുക മുഴുവൻ ചെലവാക്കും എന്നും വെളിപ്പെടുത്താമോ ;

(ഐ) ഈ ഫണ്ടിനുവേണ്ടി നൽകുന്ന പലിശ ഈ സ്കീമുകളുടെ നടത്തിപ്പിൽ നിന്നും ലഭിക്കുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ പലിശയും മുതലും എങ്ങനെ നൽകുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

(ജെ) ഈ ഫണ്ടിലേക്ക് ലഭിച്ചിട്ടുള്ള തുകയ്ക്ക് പ്രതിമാസം എത്ര രൂപ പലിശ നൽകുന്നുണ്ട് ; 31-1-2001 വരെ മൊത്തം പലിശ എത്ര രൂപയാണ് ;

(കെ) ഇങ്ങനെ ലഭിച്ച ഫണ്ട് സർക്കാർ ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ടോ ;

(എൽ) റോഡ് നിർമ്മാണം ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമാണോ ; എങ്കിൽ ഇതിനോടകം പി. ഡബ്ല്യൂ. ഡി. കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക മുഴുവനായോ ഭാഗികമായോ ഈ നിധിയിൽ നിന്നും നൽകാൻ തയ്യാറാകാത്തതിന്റെ കാരണം എന്താണെന്നറിയിക്കുമോ ;

(എം) ഈ ഫണ്ടിലെ തുക വകമാറ്റി ചെലവഴിക്കില്ല എന്ന് ഗവൺമെന്റ് ഹൈക്കോടതിക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എൻ) ഈ ഫണ്ട് ട്രഷറിയിലാണോ നിക്ഷേപിച്ചിട്ടുള്ളത് ; 5-2-2001 ൽ ട്രഷറിയിലെ മൊത്തം ബാലൻസ് എത്ര രൂപയാണ് ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 507.06 കോടി രൂപ.

(ബി) പലിശയിനത്തിൽ 71,55,15,507 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കീമുകൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല.

(ഡി) നാല് പ്രാവശ്യം.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) ഗവൺമെന്റിന് വളരെയധികം സാമ്പത്തിക ബാദ്ധ്യതയുണ്ടാകാത്ത തരത്തിൽ വികസന പ്രക്രിയ വിജയകരമാകത്തക്ക സ്കീമുകൾ ലഭിച്ചിട്ടില്ല.

(ജി) ആക്ഷേപം ശരിയല്ല.

(എച്ച്) സ്കീമുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായി പരിശോധിച്ചതിന് ശേഷം മാത്രമേ എപ്പോൾ തുക മുഴുവനും ചെലവാക്കും എന്ന് പറയാൻ സാധിക്കൂ.

(ഐ) സ്കീമുകളുടെ നടത്തിപ്പിൽ നിന്നും ലഭിക്കുമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. സ്കീമുകൾ വിജയപ്രദമായി നടപ്പിലാക്കിയെടുത്ത് പലിശയും മുതലും നൽകാമെന്നാണുദ്ദേശിക്കുന്നത്.

(ജെ) പലിശ അർദ്ധ വാർഷികമായാണ് നൽകുന്നത്. പ്രതിമാസം നൽകുന്ന പലിശ 5,59,87,875 രൂപയാണ്. 31-1-2001 വരെ മൊത്തം 71,55,15,507 രൂപ പലിശയായിട്ടുണ്ട്.

(കെ) ചെലവഴിച്ചിട്ടില്ല.

(എൽ) റോഡ് നിർമ്മാണം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമാണ് എന്നാൽ പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർമാർക്ക് കുടിശ്ശിക ഈ നിധിയിൽ നിന്നും നൽകുവാൻ ഫണ്ട് ആക്ടിൽ വ്യവസ്ഥയില്ല.

(എം) ഉറപ്പ് നൽകിയിട്ടില്ല. വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഹൈക്കോടതിയിൽ മറുപടി നൽകിയിട്ടുണ്ട്.

(എൻ) ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. 5-2-2001-ൽ ഈ നിധിയിലെ തുകയിൽ 4,56,18,89,975 രൂപ ബാലൻസുണ്ടായിരുന്നു.

തരിശുഭൂമി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ പദ്ധതി

6 (*64) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തരിശുഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly